# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 114 — 28/11/2018 ൽ മറുപടിക്ക്

**ശബരിമല വിധിയുടെ പേരിലുള്ള കലാപശ്രമം**

ചോദ്യം

ശ്രീ.എസ്.ശർമ്മ
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.യു.ആർ.പ്രദീപ്
ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി

പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ സ്ത്രീ പ്രവേശനത്തിനായി അനുയായികളെ കൊണ്ട് കേസ് കൊടുപ്പിക്കുകയും അതിന്റെ ഫലമായി ഉണ്ടായ വിധി നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കലാപത്തിന് ശ്രമിക്കുകയും ചെയ്യുന്ന സംഘപരിവാർ ഗൂഢാലോചകരെ തുറന്ന് കാട്ടാനും ഛിദ്രശക്തികളെ അടിച്ചമർത്താനും നടപടിയെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കലാപത്തിന് ആഹ്വാനം ചെയ്യുന്ന സംഘപരിവാർ സംഘടനകളിൽ ഏതെങ്കിലും പ്രസ്തുത കേസിൽ കക്ഷിചേരുകയോ പുന:പരിശോധന ഹർജി നൽകുകയോ ചെയ്യാതെ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻ നടത്തുന്ന നീക്കത്തിൽ കൊടിപിടിച്ചും അല്ലാതെയും പങ്കെടുക്കുന്നവരെ യാഥാർത്ഥ്യം ബോധ്യപ്പെടുത്തി പിന്തിരിപ്പിക്കാനും തന്ത്രിയെ കൂടി കെണിയിൽപെടുത്തി ഗൂഢാലോചനയിൽ പങ്കാളിയാക്കുന്ന കുതന്ത്രം നിഷ്ഫലമാക്കാനും ശ്രദ്ധപതിപ്പിക്കുമോ ; | (ബി) | വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമത്തിനെതിരെ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട് |
| (സി) | അയ്യപ്പ ഭക്തരെ പോലീസ് കൊലപ്പെടുത്തിയെന്ന് വ്യാജാരോപണം ഉന്നയിച്ച് ഹർത്താൽ നടത്തിയവർക്കെതിരെ കലാപാഹ്വാനത്തിന് കേസെടുക്കുവാൻ തയ്യാറാകുമോ ; | (സി) യും (ഡി) യും | അയ്യപ്പ ഭക്തരെ പോലീസ് കൊലപ്പെടുത്തിയെന്നത് വ്യാജാരോപണമായിരുന്നു. സുപ്രീം കോടതി വിധിയുടെ മറവിൽ വർഗ്ഗീയ ധ്രുവീകരണം നടത്തിയവർക്കെതിരെയും കർത്തവ്യ നിർവ്വഹണത്തിലേർപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ മതപരമായി വേർതിരിച്ചും സാമൂഹ്യ മാധ്യമങ്ങളിലൂടെ കള്ളത്തരം പ്രചരിപ്പിച്ചും സാമൂഹിക ഐക്യം തകർക്കാൻ നീക്കം നടത്തിയവർക്കെതിരെയും സർക്കാർ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കർത്തവ്യ നിർവ്വഹണത്തിലേർപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ മതപരമായി വേർതിരിച്ചും സാമൂഹ്യ മാധ്യമങ്ങളിലൂടെ കള്ളത്തരം പ്രചരിപ്പിച്ചും സാമൂഹിക ഐക്യം തകർക്കാൻ നീക്കം നടത്തിയ രാജ്യദ്രോഹികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ